C4- 6004/2023/CM

ജില്ലാ കോടതി,
തിരുവനന്തപുരം
തീയതി 25/09/2023

**ലേലപരസ്യം**

തിരുവനന്തപുരം, വഞ്ചിയൂർ ജില്ലാ കോടതിവളപ്പിനകത്ത് നിൽക്കുന്നതും , താഴെ പട്ടികയിൽ വിവരിച്ചിരിക്കുന്നതുമായ 4 മരങ്ങൾ പൂർണ്ണമായും മുറിച്ച് മാറ്റി കൊണ്ട് പോകുന്നതിനും, കൂടാതെ 5 മഴമരങ്ങളുടെയും, ഒരു അരയാൽ മരത്തിന്റെയും ശിഖരങ്ങൾ കോതി വിറകെടുക്കുന്നതിനും, നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് 17/10/2023-ാം തീയതി 3 മണിക്ക് പരസ്യമായി ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ ദിവസം പകൽ 03.00 മണിക്ക് ഹാജരായി നിരത ദ്രവ്യമായി 1,000/-രൂപ കെട്ടിവക്കേണ്ടതാകുന്നു. ലേലം കൊള്ളുന്ന ആൾ ലേലം സ്ഥിരപ്പെടുത്തിയാലുടൻ നിയമാനുസൃത നികുതികൾ അടക്കം മുഴുവൻ തുകയും കൃത്യമായി അടയ്ക്കേണ്ടതും ലേലം സ്ഥിരപ്പെടുത്തുന്ന ദിവസം മുതൽ 7 ദിവസങ്ങൾക്കകം ടി മരങ്ങളും ശിഖരങ്ങളും, ജീവനോ സ്വത്തിനോ യാതൊരു നാശനഷ്ടങ്ങളും ഉണ്ടാക്കാത്ത വിധത്തിൽ , സ്വന്തം ചിലവിൽ മുറിച്ച് മാറ്റി കോടതി വളപ്പിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. ലേല ദിവസം അവിചാരിതമായി അവധി ആയിരുന്നാൽ അതിനടുത്ത പ്രവൃത്തി ദിവസം പ്രസ്തുത സമയത്ത് തന്നെ ലേലം നടത്തുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ( 10 മണി മുതൽ 5 മണി വരെ) ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

| ക്രമ നമ്പർ | വസ്തുവകയുടെ പേരും എണ്ണവും | വസ്തുവകകൾ സ്ഥിതി ചെയ്യുന്ന സ്ഥലം | ലേല തീയതിയും സമയവും സ്ഥലവും | നിരത ദ്രവ്യം | അടിസ്ഥാന വില | ബന്ധപ്പെട്ട ഓഫീസർ |
|---|---|---|---|---|---|---|
| 1.<br>2. | പൂർണ്ണമായും മുറിച്ച മാറ്റി കൊണ്ടുപോകേണ്ട മരങ്ങൾ<br>മഴ മരം - 3 എണ്ണം<br>ചാര കൊന്ന - 1 എണ്ണം | ജില്ലാകോടതി വളപ്പ്, വഞ്ചിയൂർ, തിരുവനന്തപുരം | 17/10/2023, 03.00 മണി, ജില്ലാ കോടതി, വഞ്ചിയൂർ | ₹1,000/- | ₹1,42,350/- | ജില്ലാ ജഡ്ജി, തിരുവനന്തപുരം |
| 3. | ശിഖരങ്ങൾ മുറിച്ച മാറ്റേണ്ട മരങ്ങൾ<br>മഴ മരം - 5 എണ്ണം<br>അരയാൽ - 1 എണ്ണം | | | | | |

മേൽ ഉത്തരവിൻ പ്രകാരം

ശിരസ്തദാർ

C4 JS-II SS Court Manager

**പകർപ്പ്**

1. വില്ലേജ് ഓഫീസർ, വഞ്ചിയൂർ.
2. അസിസ്റ്റൻഡ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം.
3. ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസ്, രാജീവ് ഗാന്ധി നഗർ, വട്ടിയൂർക്കാവ് പി. ഒ., തിരുവനന്തപുരം.
4. C-3 സെക്ഷൻ, ജില്ലാ കോടതി, തിരുവനന്തപുരം ( ജില്ലാ കോടതി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. നോട്ടീസ് ബോർഡ്, ജില്ലാ കോടതി / ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി, തിരുവനന്തപുരം.